# ആർ.പി.ഡബ്ല്യൂ.ഡി. ആക്ടും സാമൂഹ്യസാംസ്കാരിക വിനിമയങ്ങളും

ഡോ. ഗംഗാദേവി എം.
അസി. പ്രൊഫസർ, മലയാളവിഭാഗം, സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം.

പ്രബന്ധ സംഗ്രഹം

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികളെയാണ് ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവരായി കണക്കാക്കുന്നത്. സാധാരണ മനുഷ്യരിൽനിന്നും മേൽ സൂചിപ്പിച്ച കാരണങ്ങളാൽത്തന്നെ ഇവർ വ്യത്യസ്തരാണ്. മറ്റുള്ളവരേപ്പോലെയുള്ള അവസരങ്ങൾ നഷ്ടപ്പെട്ട് കഷ്ടതകൾ അനുഭവിക്കുന്നതിനാലാണ് ഈ വിഭാഗക്കാർക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമെന്ന് കണ്ടെത്തുന്നതും അതിനുവേണ്ടിത്തന്നെ നിയമപരിരക്ഷ നടപ്പിലാക്കിയിട്ടുള്ളതും. 2016ൽ പ്രാബല്യത്തിൽ വന്ന RPWD ആക്ടിന്റെ സാമൂഹിക-സാംസ്കാരിക പ്രാധാന്യം വിശകലനം ചെയ്യാനാണ് ഈ പ്രബന്ധം ലക്ഷ്യം വയ്ക്കുന്നത്.

**താക്കോൽ വാക്കുകൾ:** ഭിന്നശേഷി, ഭിന്നശേഷിക്കാർക്കായുള്ള നിയമങ്ങളും പരിരക്ഷയും.

വിഭിന്നങ്ങളായ കഴിവുകളുമായി ജനിക്കുന്ന മനുഷ്യർ വ്യത്യസ്തരാണ്. എന്നാൽ ചില കാരണങ്ങളാൽ കുറച്ചു മനുഷ്യർ ഏറെ വ്യത്യസ്തരായി മാറുന്നു. ശാരീരികമോ മാനസികമോ ആയ ചില ഭിന്നതകൾ അവരെ വ്യത്യസ്തരാക്കി മാറ്റുന്നു. കാഴ്ചയില്ലായ്മ, സംസാരശേഷിയില്ലായ്മ, ചലനശേഷിയില്ലായ്മ, ഗുരുതരമായ രോഗങ്ങൾമൂലം വലയുന്നവർ, കേൾവിയില്ലാത്തവർ, മാനസികമായ രോഗങ്ങളാൽ പ്രയാസമനുഭവിക്കുന്നവർ ഇങ്ങനെ പല വിഭാഗങ്ങളിലായി അനേകം മനുഷ്യർ അടങ്ങുന്ന ഒരു സമൂഹമുണ്ട്. അവരെയാണ് ഭിന്നശേഷി

വിഭാഗത്തിൽപ്പെടുന്നവരായി കണക്കാക്കിയിട്ടുള്ളത്. പലപ്പോഴും ഈ വിഭാഗത്തിൽപ്പെടുന്നവർ മുഖ്യധാരയിലേക്ക് വരാൻ സാധിക്കാതെ കഷ്ടപ്പെടുന്നുണ്ട്. മറ്റുള്ളവരെപ്പോലെയല്ല, അവസരങ്ങളിൽ നിന്നൊക്കെ പിന്തള്ളപ്പെട്ട്, മറ്റുള്ളവരെപ്പോലെ വേഗത്തിൽ എത്താൻ കഴിയാതെ ജീവിതയാത്രയിൽ പകുതി വഴിയെത്തുമ്പോൾ നിന്നു പോകാറുണ്ട് പലരും. അംഗീകാരങ്ങൾ ലഭിക്കാതെ, പരിചരണങ്ങൾ കിട്ടാതെ സമൂഹത്തിന്റെ അടിത്തട്ടിൽ മുങ്ങിപ്പോയ ഇത്തരം ജനതയെ കരകയറ്റുന്നതിനാണ് സർക്കാർ ചില നിയമങ്ങൾ നടപ്പിലാക്കി വരുന്നത്.

R.P.W.D. ആക്ട്

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കുന്നതിനും അവർക്ക് ജീവിത സാഹചര്യങ്ങളും സുരക്ഷയും ഒരുക്കുന്നതിനും വേണ്ടിയാണ് ആർ.പി. ഡബ്ല്യൂ.ഡി. ആക്ട് 2016 പുറത്തിറക്കിയിട്ടുള്ളത്. സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിലാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമപ്രകാരം 21 വിഭാഗങ്ങളിലുള്ളവരെ ഭിന്നശേഷിക്കാരായി കണക്കാക്കുന്നു. ഈ വിഭാഗത്തിൽപ്പെടുന്നവരിൽത്തന്നെ കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമായവരെ പ്രത്യേകം പരിഗണിച്ചുകൊണ്ടുള്ള നിയമമാണ് ഈ ആക്ട്. 40%മോ അതിനു മുകളിലോ വൈകല്യ ബാധിതരായവർക്ക് മെഡിക്കൽ ബോർഡ് അനുവദിക്കുന്ന അംഗപരിമിത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ നൽകി വരുന്നത്. 1995 ലെ ഭിന്നശേഷി നിയമം റദ്ദാക്കിയതിനു പകരമായിട്ടാണ് 2016-ൽ കേന്ദ്രസർക്കാർ ഭിന്നശേഷിയുള്ളവരുടെ അവകാശനിയമം പ്രഖ്യാപിച്ചത്. 2006-ൽ ഐക്യരാഷ്ട്രസഭ ഭിന്നശേഷിക്കാരുടെ അവകാശസംബന്ധിയായ പത്രിക ഇറക്കിയതിന്റെ ഭാഗമായിട്ടാണ് 2016 ൽ ഭിന്നശേഷി നിയമം പരിഷ്കരിച്ചത്. അംഗപരിമിതരായ ജനങ്ങൾക്ക് തുല്യത വരുത്തുന്നതിനായിട്ടാണ് ഇത് നിലവിൽ വരുത്തിയത്.

'ഫിസിക്കലി ഹാന്റി ക്യാപ്ഡ്' എന്ന പേരിലായിരുന്നു ആദ്യകാലങ്ങളിൽ ഈ വിഭാഗത്തിലുള്ളവരെ പരിഗണിച്ചിരുന്നത്. ശാരീരിക വൈകല്യങ്ങൾ ഉള്ളവരെ മാത്രമാണ് ഇത്തരത്തിൽ പരിഗണിച്ചിരുന്നതും. തൊഴിൽ സംവരണത്തിന് PH, Blind എന്നീ രണ്ടു വിഭാഗങ്ങൾ പരിഗണനയിൽ വരികയും ചെയ്തു. ജീവിതസാഹചര്യങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, അണ്വായുധ പരീക്ഷണങ്ങൾ, യുദ്ധം, ഭക്ഷണ ശീലങ്ങൾ, പാരമ്പര്യ ഘടകങ്ങൾ, ജീനുകളുടെ ഘടനയിലുണ്ടായ പരിവർത്തനങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാൽ ധാരാളം മനുഷ്യർ പലവിധ വൈകല്യങ്ങളുമായി ജനിക്കാൻ

തുടങ്ങി. ലോകത്തെമ്പാടും ഈ മനുഷ്യരെ മുൻനിരയിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു. ഇക്കാര്യം ഐക്യരാഷ്ട്രസഭയുടെ ശ്രദ്ധയിൽപ്പെടുകയും ചെയ്തു. തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ മറ്റുള്ളവരോടൊപ്പമെത്താനാവാത്ത മനുഷ്യരെ മാനുഷികമായ പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കണമെന്ന ആശയം അവതരിപ്പിക്കുകയും ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു. ഈ വിഭാഗത്തിൽപ്പെട്ടവർ തന്നെ തങ്ങളുടെ പ്രയാസങ്ങൾ അറിയിക്കുകയും അവകാശങ്ങൾക്കായി പോരാടുകയും ചെയ്തു. ഇന്ത്യയിൽത്തന്നെ നിരവധി ആൾക്കാർ തങ്ങളുടെ ആവശ്യങ്ങൾക്കായി സർക്കാറിനെ സമീപിക്കുകയും അവകാശപ്പോരാട്ടങ്ങൾ നടത്തുകയും ചെയ്തു. ഇന്ത്യയിൽ ഭിന്നശേഷിക്കാർക്കായി പ്രവർത്തിച്ചവരിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ഒരു വനിതയാണ് മാലതി.കെ. ഹൊള്ള. അവരുടെ ആത്മകഥയായ ‘അതുല്യ’ത്തിൽ അവർ നടത്തിയ പോരാട്ടങ്ങൾ വിവരിക്കുന്നുണ്ട്. അന്താരാഷ്ട്ര വീൽചെയർ അത്‌ലറ്റായ അവർ ലോകപ്രശസ്തയായ പാരാലിമ്പ്യൻ കൂടിയാണ്. ഏകലവ്യ, പത്മശ്രീ, അർജ്ജുന പുരസ്കാരങ്ങൾ നേടിയ മാലതി ഭിന്നശേഷിക്കാർക്കായി നിരവധി പോരാട്ടങ്ങൾ നടത്തി. ട്രെയിനിലും പൊതു ഇടങ്ങളിലും യാത്രാസൗകര്യങ്ങൾ ഒരുക്കുന്നതുൾപ്പെടെ എല്ലാ രംഗത്തും പ്രാതിനിധ്യം നേടുന്നതിന് അവരുടെ സമരങ്ങൾക്കു കഴിഞ്ഞു. തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിപ്പിക്കുന്നതിനായി പല വിഭാഗത്തിലുള്ളവർ സംഘടിക്കുകയും സംഘടനകൾ നിലവിൽ വരികയും ചെയ്തു. അങ്ങനെയാണ് 1995 ൽ ഒരു നിയമം പ്രാബല്യത്തിൽ വന്നത്.

കാലം ചെല്ലുന്തോറും പലതരം രോഗങ്ങളോടെ കുഞ്ഞുങ്ങൾ ജനിക്കുകയും വൈകല്യങ്ങളുടെ തോത് വർദ്ധിക്കുകയും ചെയ്തു. പല വിഭാഗങ്ങളിൽപ്പെട്ടവരും തങ്ങളുടെ അവശതയും അവകാശവും തിരിച്ചറിയുകയും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും പല പല ആവശ്യങ്ങളുന്നയിക്കുകയും ഐക്യരാഷ്ട്രസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. വികസിതരാജ്യങ്ങൾ ഭിന്നശേഷിക്കാർക്കായി പുതു സൗകര്യങ്ങളേർപ്പെടുത്തുകയും ചെയ്തു. ഐക്യരാഷ്ട്രസഭ ഇക്കാര്യം ഏറെ പരിഗണനാപൂർവ്വം സ്വീകരിക്കുകയും വേണ്ട നിയമനടപടികളെടുക്കുകയും ചെയ്തു. തുടർന്ന് 2006 ൽ ഭിന്നശേഷിക്കാരുടെ നിയമങ്ങൾ പരിഷ്കരിക്കുകയുണ്ടായി. Disabled എന്നത് മാറ്റി Differently abled എന്നാക്കി മാറ്റി. അതിൻ പ്രകാരം 2016 ൽ ഇന്ത്യയിൽ കേന്ദ്രസർക്കാർ ഭിന്നശേഷി നിയമം പരിഷ്കരിച്ച് പ്രാബല്യത്തിൽ വരുത്തുകയും 21 വ്യത്യസ്ത വിഭാഗങ്ങളിൽപ്പെടുന്നവരെ ഭിന്നശേഷിനിയമത്തിന്റെ പരിധിയിൽ

കൊണ്ടുവരികയും ചെയ്തു.

(Differently abled is often described in terms of lack of normal functioning of physical, mental or psychological process. Person having any of the disabilities namely visual, communication, hearing or speech and locomotor will be considered physically disabled. More and more people are now convinced that disabled is not the right to describe a people who are challenged. Many now prefer using the term differently abled. ) (വിക്കിപീഡിയ)

അന്ധത, കാഴ്ചക്കുറവ്, മൂകത, ബധിരത, ചലനശേഷിയില്ലായ്മ, ഹ്രസ്വ കായത്വം, ബുദ്ധിപരമായ വെല്ലുവിളി, മാനസികരോഗം, ഓട്ടിസം, സെറിബ്രൽ പാഴ്സി, മസ്കുലർ ഡിസ്ട്രോഫി, ന്യൂറോളജിക്കൽ ഡിസോഡർ, പഠന വൈക ല്യങ്ങൾ, മൾട്ടിപ്പിൾ സ്ക്ലീറോസിസ്, സംസാര-ഭാഷാശേഷിയില്ലായ്മ, തലാസീമിയ (ചുവന്ന രക്താണുക്കളുടെ പ്രവർത്തനം താളം തെറ്റിക്കുന്നത്), ഹീമോഫീലിയ, സിക്കിൾസെൽ ഡിസീസ്, കുഷ്ഠരോഗത്തിൽ നിന്ന് മുക്ത രായവർ, ആസിഡ് ആക്രമണത്തിൽപ്പെട്ട ഇര, പാർക്കിൻസൺസ്, എന്നീ അവസ്ഥയിൽപ്പെട്ടവരാണ് ഭിന്നശേഷി ആക്ടിന്റെ പരിധിയിൽ വരുന്ന 21 വിഭാഗം. (Blindness, low vision, duff and dumb, locomotor disability, dwarfism, intellectual disabilities, mental illness, autism, cerebral Parsi, muscular dystrophy, neurological disabilities, learning disabilities, multiple sclerosis, speech and language disability, thalassemia, hemophilia, sickle cell disease, acid attack victim, Parkinson's, Leprosy cured) (Ref - RPWD Act 2016)

ഡിസംബർ 3 ലോക ഭിന്നശേഷി ദിനമായി ലോകരാജ്യങ്ങൾ മുഴുവൻ ആചരിക്കുന്നു. 1992 മുതൽ ആണ് ഈ ദിനം ആചരിക്കാൻ തുടങ്ങിയത്. ഭിന്ന ശേഷിക്കാരുടെ പ്രശ്നങ്ങൾ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടാനും അവരുടെ പ്രശ്നങ്ങൾ ലഘൂകരിക്കാനും ഭിന്നശേഷി സൗഹൃദ സമൂഹം സൃഷ്ടിക്കാൻ ആവശ്യമായ നൂതന സാങ്കേതികവിദ്യകളും സംവിധാനങ്ങളും പരിചയപ്പെ ടുത്താനും ഈ ദിനാചരണത്തിലൂടെ സാധിക്കുന്നുണ്ട്.പലരുടെയും പ്രവർ ത്തനങ്ങളുടെ ഫലമായി ഭിന്നശേഷിക്കാർക്കായി ധാരാളം സൗകര്യങ്ങൾ ഒരുക്കാൻ സമൂഹം തയ്യാറായി. കമ്പോളലോകം അവരെയും സ്വീകരിക്കുകയും വേണ്ട ഉൽപന്നങ്ങൾ നിർമ്മിക്കുകയും ചെയ്തു. വിഭിന്നങ്ങളായ കഴിവുകളു ള്ളവർ അവരുടെ സൗകര്യത്തിനനുസരിച്ച് പുതിയ സങ്കേതികവിദ്യയിലൂടെ ഉപകരണങ്ങൾ നിർമ്മിക്കാനും ആവശ്യാനുസരണം വികസിപ്പിക്കാനും

തുടങ്ങി. ഉപയോഗിക്കാൻ ശേഷിയുള്ള കൃത്രിമ അവയവങ്ങൾ വരെ നിർമ്മിച്ചു. ഭിന്നശേഷി സൗഹൃദപരമായി പൊതു ഇടങ്ങളെല്ലാം പരിവർത്തിപ്പിച്ചു. വീടുകളിലും ഔദ്യോഗിക സ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. വൈദ്യസഹായം ഉടനടി ലഭിക്കുന്ന തരത്തിൽ പ്രാവർത്തികമാക്കി. കായിക വിനോദങ്ങൾക്കും കലാപ്രകടനങ്ങൾക്കും വേദികളുണ്ടാക്കി. മത്സരങ്ങൾ സംഘടിപ്പിച്ചു. എല്ലാ മേഖലകളിലും ഭിന്നശേഷിക്കാരെ പ്രോത്സാഹിപ്പിക്കുകയും സ്വാശ്രയശീലം പരിശീലിപ്പിക്കുകയും ചെയ്തു. സർവ്വോപരി പൊതുജനമധ്യത്തിലേക്ക് പരിമിതികൾ മറന്ന് പ്രവർത്തിക്കുവാൻ അവരെ പര്യാപ്തരാക്കി.

വിദേശരാജ്യങ്ങളിലും മറ്റും ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രത്യേക പരിചരണവും സഹായങ്ങളും നൽകി വരുമ്പോൾ നമ്മുടെ കൊച്ചു നാട്ടിൽ പലതും കടലാസിൽ ഒതുങ്ങി നിൽക്കുകയാണ്. സ്കൂളുകളിൽ വരുന്നവർക്ക് കയറാനുള്ള പ്രത്യേക വഴി അടുത്തകാലത്താണ് നിർമ്മിക്കപ്പെട്ടത്, ദശകത്തോളമായിട്ടേ ഉള്ളൂ. ഭിന്നശേഷിയുള്ള കുട്ടികളുള്ള രക്ഷിതാക്കൾ ശാരീരികമായും മാനസികമായും സാമ്പത്തികമായും നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. അതുപോലെതന്നെ ആ കുട്ടികൾ അതിനേക്കാൾ പ്രയാസം അനുഭവിക്കുന്നുണ്ട്. തങ്ങളുടേതല്ലാത്ത കാരണം കൊണ്ട് ജീവിതദുരിതം അനുഭവിക്കുന്നവരെ സഹായിക്കാൻ ഭരണകൂടത്തിന് കഴിയണം. ഒരു രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം പൗരന്മാർക്ക് തുല്യ അവകാശമാണ്. സാധാരണ ജനങ്ങളെപ്പോലെ ജീവിക്കാൻ പറ്റാത്തവർക്ക് അവരുടെ ജീവിത സാഹചര്യമൊരുക്കി കൊടുക്കേണ്ടത് രാഷ്ട്രത്തിന്റെ കർത്തവ്യം കൂടിയാണ്. അതിന്റെ ഭാഗമായി തന്നെയാണ് പല നിയമങ്ങളും നിലവിൽ വന്നിട്ടുള്ളത്. അവരുടെ സംരക്ഷണത്തിനു വേണ്ടിയാണവ. ചില സന്ദർഭങ്ങളിൽ അവകാശങ്ങൾക്കായി അവശത അനുഭവിക്കുന്നവർക്ക് സമരം ചെയ്യേണ്ടിയും വരും. ഇന്ത്യയിൽത്തന്നെ ഭിന്നശേഷിക്കാരായ മനുഷ്യരുടെ സംരക്ഷണത്തിനും ഉന്നമനത്തിനും ആയിട്ടാണ് ആർ.പി.ഡബ്ലിയു.ഡി. ആക്ട് നിലവിൽ വന്നിട്ടുള്ളത്. ഈ നിയമപ്രകാരം 21 വിഭാഗങ്ങളിലുള്ള ഇവരെ അവരുടെ പ്രശ്നങ്ങൾക്കനുസരിച്ച് പരിഗണന നൽകി വരുന്നു. ഓരോ അവസ്ഥയുടെ വ്യത്യസ്തതയും തീവ്രതയുടെ തോതിലുള്ള അന്തരവും പരിഗണിക്കുന്നു. കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമായി വരുന്നവരെ പ്രത്യേകം പരിഗണിച്ചു കൊണ്ടുള്ള നിയമമാണ് ഈ ആക്ട്.

ആർ.പി.ഡബ്ലിയു.ഡി. ആക്ട് പ്രകാരം ധാരാളം നിയമവ്യവസ്ഥകൾ

നിലവിലുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ജനങ്ങളെ എപ്രകാരം സംരക്ഷിക്കണം എപ്രകാരം അവർക്കുള്ള പദ്ധതികൾ ആവിഷ്കരിക്കണം നടപ്പിലാക്കണം തുടങ്ങി വിവിധങ്ങളായിട്ടുള്ള നിയമങ്ങൾ ഇതിലുണ്ട്. മുപ്പതോളം അധ്യായങ്ങളിലായി വിവിധ സെക്ഷനുകൾ ആണ് ഉള്ളത്. അതിൽ പ്രധാനപ്പെട്ട ചില ആക്ടുകളാണ് ഇവിടെ പരാമർശിക്കുന്നത്.

ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം എടുത്തു പറയാനുള്ളത് ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങളെയും നിയമങ്ങളെയും പറ്റിയുള്ള അറിവ് സാധാരണക്കാർക്ക് ഇല്ല എന്നതാണ്.ചിലർ 100%, 90% വൈകല്യത്തിൽപ്പെട്ട് കഷ്ടപ്പെടുമ്പോൾ 40%, 50% വൈകല്യമുള്ളവർ തങ്ങൾക്ക് അർഹതപ്പെട്ടത് ചോദിച്ച് വാങ്ങി വിജയിക്കുന്നുണ്ട്. എവിടെ ഒരു ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുണ്ടോ അയാളെ തിരിച്ചറിയാനും വേണ്ടവിധത്തിലുള്ള സൗകര്യം ഒരുക്കി കൊടുക്കാനും ഭരണകൂടം ശ്രദ്ധിക്കേണ്ടതാണ്. പലരും രോഗങ്ങളുടെയും ദുരിതങ്ങളുടെയും ദാരിദ്ര്യത്തിന്റെയും നടുവിലായിരിക്കും. ചികിത്സകൾക്കായി പലയിടങ്ങളിലും അലയുന്നവർ ആയിരിക്കും. അതിനിടയിൽ തങ്ങളുടെ അവകാശങ്ങളെപ്പറ്റി പഠിക്കാനോ നേടാനോ കഴിഞ്ഞെന്നു വരില്ല. ആയതിനാൽ അവരെ പഠിപ്പിക്കുന്ന അധ്യാപകർ, പഞ്ചായത്ത് മെമ്പർമാർ തുടങ്ങിയവർ ഇക്കാര്യം ചുമതലയോടെ ഏറ്റെടുത്ത് ചെയ്യുവാൻ സന്നദ്ധരാകണം എന്നതാണ് പ്രധാനം. ആവശ്യക്കാർക്ക്, അത്യാവശ്യക്കാർക്ക് എന്നിങ്ങനെ കണ്ടുവേണം ഓരോ കാര്യങ്ങളും ചെയ്യുവാൻ.

ഇന്ന് സാധാരണ മനുഷ്യർ തന്നെ അനേകം അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാകുന്നുണ്ട്. പരാധീനതകളുള്ളവർ അതിന്റെ പേരിലും അതിക്രമങ്ങൾക്കിരയാകുന്നുണ്ട്. RPWD ആക്ട് 'അതിക്രമം', 'ചൂഷണം' എന്നിവയിൽനിന്നും സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വൈകല്യത്തിന്റെ പേരിൽ പലപ്പോഴും ചൂഷണത്തിനും അതിക്രമത്തിനും ഭിന്നശേഷിക്കാർ ഇരയാവുന്നുണ്ട്. ഇവരോട് യാതൊരു വിവേചനവും പാടില്ല എന്നാണ് രണ്ടാം അധ്യായത്തിലെ സെക്ഷൻ ആറും ഏഴും നിർവചിക്കുന്നത്. പല സന്ദർഭങ്ങളിലും വീടുകളിൽ നിന്നും സമൂഹത്തിൽനിന്നും ക്രൂരമായ വേദനിപ്പിക്കലുകൾക്ക് ഇവർ ഇരയാകുന്നുണ്ട്. ബാധ്യതയായി മാറുന്നതോർത്ത് സ്വയം ഇല്ലാതാക്കാനും ശ്രമിക്കാറുണ്ട്. അണുകുടുംബ വ്യവസ്ഥിതിയിൽ ഭിന്നശേഷിക്കാർ തങ്ങൾക്ക് വല്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന ധാരണയിൽ പീഡിപ്പിക്കാറുണ്ട്. ഭക്ഷണം കൊടുക്കാതെ ശിക്ഷിക്കാറുണ്ട്. ഇത്തരം പ്രവൃത്തികൾക്കെതിരെ നിയമങ്ങൾ അനിവാര്യമാണ്. ഭിന്നശേഷിക്കാരായ സ്ത്രീകളാണധികവും

പീഡനങ്ങൾക്ക് ഇരയാവുന്നത്. നിരവധി സംഭവങ്ങൾ ഇപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. അതിനാൽ നിരന്തരം ചൂഷണവിധേയരാകുന്ന ഇവരുടെ രക്ഷയ്ക്ക് നിയമങ്ങളുടെ ജാഗ്രത കൂടിയേ തീരൂ. സെക്ഷൻ ആറും ഏഴും ക്രൂരത, അക്രമം, പീഡനം എന്നിവയിൽ നിന്ന് സംരക്ഷണം ഉറപ്പാക്കുന്നു.

കടുത്ത ദാരിദ്ര്യവും തൊഴിലില്ലായ്മയുമൊക്കെ പലരേയും അലട്ടുന്ന പ്രശ്നങ്ങളാണ്. അത്തരത്തിലുള്ളവർ ഭിന്നശേഷിക്കാർ കൂടിയായാൽ അതിനേക്കാൾ പ്രയാസമാണ്. പലപ്പോഴും ഭിന്നശേഷിക്കാരായ കുട്ടികളെ അവർക്ക് സംരക്ഷിക്കാനായെന്ന് വരില്ല. ചികിത്സ, നല്ല ഭക്ഷണം, വ്യായാമം ഇതൊക്കെ കൃത്യമായി ലഭിച്ചാൽ മാത്രമേ ഭിന്നശേഷിയുള്ള കുട്ടികൾക്ക് കൃത്യമായ വളർച്ച ഉണ്ടാവുകയുള്ളൂ. രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ പ്ര യാസമുള്ള പക്ഷം കുട്ടികളെ സുരക്ഷിതമായി നോക്കുന്ന സ്ഥാപനങ്ങളിൽ പാർപ്പിക്കാവുന്നതാണ്. വൈകല്യമുള്ള കുഞ്ഞുങ്ങളെ രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ സാധിക്കാതെ വരുന്നെങ്കിൽ അവരുടെ സംരക്ഷണം സ്ഥാപനങ്ങളിൽ ഏൽപ്പിക്കണം എന്ന് ആക്ട് വ്യക്തമാക്കുന്നുണ്ട്. സാമ്പ ത്തിക പ്രശ്നങ്ങൾ മൂലമോ വീടും കിടപ്പാടവുമൊക്കെ ഇല്ലാതെ വരികയോ രക്ഷിതാക്കൾ മരണപ്പെടുകയോ ചെയ്യുകയാണെങ്കിൽ ഈ കുട്ടികളെ സുരക്ഷിത സ്ഥാപനങ്ങളിൽ പാർപ്പിക്കാനും ഈ നിയമം അനുശാസിക്കുന്നു. അതുപോലെ ഭിന്നശേഷിയുള്ള ആളുകളുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ വന്ധ്യംകരണത്തിലേക്ക് നയിക്കുന്ന നടപടികൾ സ്വീകരിക്കാൻ പാടില്ല എന്നും ഈ നിയമം നിഷ്കർഷിക്കുന്നു. ഈ നയങ്ങൾ വൈകല്യമുള്ളവർക്ക് ഏറെ പ്രയോജനപ്രദമാണെങ്കിലും പലരും ചൂഷണ വിധേയമാകുന്നുണ്ട്. വന്ധ്യംകരിക്കുന്ന നടപടികൾ ഉണ്ടായതിനാലാണല്ലോ ഇത്തരം ഒരു നിയമം പ്രാബല്യത്തിൽ വരുത്തിയത്. മാനസികമായും ശാരീരികമായും പ്രത്യേക അവസ്ഥകളിലൂടെ കടന്നുപോകുന്ന ഇത്തരം വ്യക്തികളിൽ ചിലർ ലൈംഗികാസക്തി ഉള്ളവർ ആയിരിക്കാം. അതുപോലെ തന്നെ അറിവി ല്ലായ്മയുടെ മറവിൽ ഇവരെ പീഡനത്തിനിരയാക്കുകയും ചെയ്യും. ഇത്തരം സാഹചര്യങ്ങളെ മറികടക്കാൻ നിയമങ്ങൾ സഹായിക്കുന്നുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ കുറ്റവാളികളായി മാറുമ്പോൾ നിയമത്തിന്റെ പഴുതിലൂടെ രക്ഷപ്പെടാനും ഈ സംരക്ഷണം കാരണമാവുന്നുണ്ട്. ഭിന്നശേഷിക്കാരനായ ഗോവിന്ദച്ചാമിയുടെ കേസ് തന്നെ ഉദാഹരണമായി എടുക്കാവുന്നതാണ്. പല കൊലപാതക കേസുകളിലും മാനസിക വൈകല്യങ്ങളിൽപ്പെടുത്തി പ്രതികളെ രക്ഷപ്പെടുത്തുന്നതും ഈ നിയമ സംരക്ഷണത്തിന്റെ മറുവശം

തന്നെയാണ്. നിയമങ്ങളിലെ ചില പഴുതുകളിലൂടെ സാമർത്ഥ്യക്കാർ രക്ഷപ്പെടാൻ ശ്രമിക്കുന്നത് നമ്മുടെ സാംസ്കാരികാധ:പതനത്തെയാണ് സൂചിപ്പിക്കുന്നത്. ആവശ്യക്കാരന് സംരക്ഷണം കൊടുക്കാതെയാണ് അനാവശ്യമായി അക്രമികളെ സംരക്ഷിക്കുന്നതെന്നത് വലിയ വൈരുദ്ധ്യമാണ്.

പ്രകൃതി ദുരന്തങ്ങളിൽപ്പെടുന്ന ഭിന്നശേഷിക്കാർക്കുള്ള സംരക്ഷണം ഏറ്റവും പ്രാഥമികമായ ഒന്നായി കണക്കാക്കണം. പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുമ്പോൾ അവർക്ക് പെട്ടെന്ന് അവിടെനിന്ന് രക്ഷപ്പെടുവാൻ സാധിക്കുകയില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റികൾ ഭിന്നശേഷിക്കാരുടെ പട്ടിക സൂക്ഷിക്കേണ്ടതും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

'വിദ്യാഭ്യാസം', 'നൈപുണ്യ വികസനം', 'തൊഴിൽ ലഭ്യമാക്കൽ' എന്നിവ അത്യാവശ്യമായി ചെയ്യേണ്ട സംഗതികളാണ്. ഭിന്നശേഷിക്കാരായ കുട്ടികളുടെയും മുതിർന്നവരുടെയും വിദ്യാഭ്യാസത്തിന്റെയും തുടർ വിദ്യാഭ്യാസത്തിന്റെയും ചുമതല സർക്കാർ വകുപ്പുകൾക്കാണ്. ആവശ്യക്കാരുടെ മുൻഗണന അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കണം.പ്രശ്നങ്ങൾ വിശകലനം ചെയ്ത് പഠനത്തിനനുസരിച്ച് വേണ്ട ഭേദഗതികൾ സ്വീകരിക്കേണ്ടതും സർക്കാരാണ്. പഠനസ്ഥലങ്ങളിലോ തൊഴിലിടങ്ങളിലോ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്താനും പരിഹരിക്കാനും പ്രത്യേക സെല്ലുകൾ രൂപീകരിക്കണം. ഏറെ പരിമിതികളിൽ നിന്നാണ് ഓരോ ഭിന്നശേഷിക്കാരനും വരുന്നതെന്ന് മനസ്സിലാക്കാനും അവരെ അഭിസംബോധന ചെയ്യാനും സാധാരണക്കാരും ശ്രദ്ധിക്കണം. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ ഏറെ പരിഗണന അർഹിക്കുന്നവരാണ്. സ്കൂളുകളിൽ പ്രത്യേക അദ്ധ്യാപകരെ ഇവർക്കായി നിയമിച്ചിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് അവർക്കുള്ള സൗകര്യങ്ങൾ ഏറെ പരിമിതമാണ്. പരീക്ഷ എഴുതാൻ ഒരു സ്ക്രൈബും അരമണിക്കൂർ സമയവും കൊടുത്താൽ തീർന്നു. സംസാരശേഷിയില്ലാത്തവർക്ക് സ്ക്രൈബുകൾ എങ്ങനെ എഴുതണമെന്ന് ആരും പറയുന്നില്ല. കംപ്യൂട്ടറിലോ ഫോണിലോ എഴുതാൻ പറ്റുന്നവർക്ക് അങ്ങനെ എഴുതാനുള്ള സൗകര്യങ്ങളില്ല. ഒരു സ്ക്രൈബിനെ കിട്ടാൻ പോലും പ്രയാസമാണ്. കാഴ്ചയില്ലാത്ത ഒരാൾക്ക് ഡോക്ടറോ എഞ്ചിനീയറോ ആവാൻ പറ്റുകയില്ല, കഴിവും ആഗ്രഹവുമുണ്ടെങ്കിലും. ഇങ്ങനെ ഉന്നതവിദ്യാഭ്യാസരംഗത്ത് നിരവധി വെല്ലുവിളികൾ നേരിട്ടാണ് പലരും കഴിയുന്നത്. സംസാരശേഷി ഇല്ലാത്ത പലരും എഴുതാനും വായിക്കാനും സാധിക്കുന്നവരാണ്. കാഴ്ചയില്ലാത്തവർ ബ്രയിൽ ലിപിയിൽ എഴുതുന്നവരാണ്. എന്നാൽ ഈ വിഭാഗത്തിൽപ്പെടുന്നവരുടെ

പരീക്ഷ എപ്രകാരമാണ് നടക്കുന്നത് എന്നത് പുനർവിചിന്തനം നടത്തേണ്ട താണ്. സംസാരിക്കാനാവാത്തവർ എങ്ങനെയാണ് സ്ക്രൈബിന് പറഞ്ഞു കൊടുക്കുക? വളരെ അശാസ്ത്രീയമായ പരീക്ഷാരീതിയാണ് വിദ്യാഭ്യാസ രംഗത്ത് ഭിന്നശേഷിക്കാർ നേരിടുന്നത്. ഇത് നിയമപരമായി തെറ്റാണ്. നിയമങ്ങൾ പ്രാബല്യത്തിൽ ഉണ്ടെങ്കിലും നടപ്പിലാക്കാൻ സർവകലാശാ ലകൾ ശ്രദ്ധിക്കാറില്ല എന്നതാണ് സത്യം. ബ്രെയിൽ ലിപിയിൽ എഴുതുന്ന ഒരാളുടെ പരീക്ഷാപേപ്പർ നോക്കാനറിയുന്ന ആൾ ഉണ്ടാവില്ല. അതുപോലെ ആംഗ്യഭാഷയിൽ പഠിപ്പിക്കാനറിയുന്നവരും കുറവാണ്. ഉന്നത വിദ്യാഭ്യാ സരംഗത്ത് ഭിന്നശേഷിക്കാരായ കുട്ടികൾ നിരവധി വെല്ലുവിളികളാണ് നേരിടുന്നത്. പ്രാഥമിക സൗകര്യങ്ങൾ പോലും ഉണ്ടാകാറില്ല. ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ നിയമങ്ങൾ നിലവിലുണ്ടെങ്കിലും കടലാസുകളിലൊതുങ്ങുന്ന ഉദാസീനതയാണ് കേരളത്തിൽ കണ്ടുവരുന്നത്.

പലപ്പോഴും ഭിന്നശേഷിക്കാർ തങ്ങളുടെ വൈകല്യത്തെ മുതലെടുക്കുന്ന തായും കണ്ടിട്ടുണ്ട്. സാമർത്ഥ്യം ഉള്ളവർ എല്ലാം നേടിയെടുക്കുകയും തീരെ അറിവില്ലാത്തവർ കഷ്ടതകളിലും യാതനകളിലും ജീവിതം കഴിച്ചുകൂട്ടുകയും ചെയ്യും. എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും അവരുടെ അവസ്ഥയ്ക്ക് അനുസരിച്ച് വേണ്ട സഹായങ്ങൾ ചെയ്യാൻ സമൂഹം സദാസന്നദ്ധരാകണം എന്നതാണ് ഏറ്റവും പ്രധാനം. അതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതത്യാ വശ്യമാണ്. എന്നാൽ ഇന്നത്തെ കാലത്ത് സാധാരണക്കാർ പോലും വലിയ പ്രശ്നങ്ങളിലൂടെയും വെല്ലുവിളികൾ അതിജീവിച്ചുമാണ് കടന്നു പോകുന്നത് എന്നത് മറ്റൊരു യാഥാർത്ഥ്യം. ഈ സന്ദർഭത്തിലാണ് ഭിന്നശേഷിക്കാരെ ഏറ്റവുമധികം പരിഗണിക്കേണ്ടതെന്നത് അതിനേക്കാൾ പ്രധാനപ്പെട്ട യാഥാർത്ഥ്യവും!

ബെഞ്ച് മാർക്ക് ഡിസബിലിറ്റീസ് ഉള്ള അംഗപരിമിതർക്ക് പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്. ആറ് മുതൽ 18 വയസ്സ് വരെയുള്ള 40% വും അതിന് മുകളിലും വൈകല്യമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം സൗജന്യ മാക്കണം. ഉന്നത വിദ്യാഭ്യാസമേഖലകളിൽ അഞ്ച് ശതമാനം എങ്കിലും സംവരണം ഉറപ്പാക്കണം. നാലു ശതമാനം തൊഴിൽ സംവരണം, കൂടുതൽ അംഗപരിമിതർക്ക് തൊഴിൽ നൽകുന്ന തൊഴിൽ ദാതാവിന് ഇളവുകൾ തുടങ്ങി പല പദ്ധതികളും ആവിഷ്കരിക്കേണ്ടതാണ്. ഇതൊക്കെ നിയമങ്ങ ളിൽ ഒതുങ്ങുന്നു. നടപ്പിലാക്കുന്നത് കുറച്ചു മാത്രം. അത് ആവശ്യക്കാരന്റെ അഭ്യർത്ഥനമാനിച്ചു മാത്രം.

ആർ.പി.ഡബ്ലിയു.ഡി. ആക്ടിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു അധ്യായമാണ് എട്ടാമത്തെ അധ്യായം. ഈ അധ്യായത്തിൽ സർക്കാരിന്റെ ചുമതലകളും ഉത്തരവാദിത്വവും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. അവകാശങ്ങൾ അംഗപരിമിതരെ ബോധ്യപ്പെടുത്തുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.സർക്കാർ നടത്തുന്ന ഇത്തരം പരിപാടികൾ അംഗപരിമിതരെ പ്രതികൂലമായി ബാധിക്കുന്നുണ്ടൊ എന്ന് പരിശോധിക്കണം. അംഗപരിമിതർ ഇപ്പോൾ ഭിന്നശേഷിക്കാർ എന്നാണല്ലോ അറിയപ്പെടുന്നത്.ആ പേര് ഉപയോഗിക്കാൻ കാരണവും അവരെ പരിമിതരാക്കി ഇകഴ്ത്തുന്നു എന്ന തോന്നൽ വരാതിരിക്കാനാണ്. തങ്ങൾ ഡിസേബിൾഡ് ആണ് എന്ന് തോന്നിക്കഴിഞ്ഞാൽ ചിലരെ അത് മാനസികമായി ബാധിക്കുകയും ചെയ്യും. അതുകൊണ്ട് disabled എന്നത് മാറ്റി differently abled എന്ന് ഉപയോഗിക്കുവാൻ തുടങ്ങി എന്ന് നേരത്തേ സൂചിപ്പിച്ചിരുന്നതാണല്ലൊ. പലപ്പോഴും ഭിന്നമായ ശേഷിക്കാരാണ് ഇവർ. കാഴ്ചയില്ലാത്തവർക്ക് ഓർമശക്തി ഉണ്ടായിരിക്കും. ഒരുതവണ ഒരാളുടെ ശബ്ദം കേട്ടാൽ 50 കൊല്ലം കഴിഞ്ഞാലും ആ ശബ്ദത്തിന്റെ ഉടമയെ അവർക്ക് തിരിച്ചറിയാൻ കഴിയും. ചിലർ പാട്ടുപാടും. ചിലർ എഴുതും.അങ്ങനെ നിരവധി കഴിവുകൾക്ക് ഉടമകൾ ആയിരിക്കും അവർ. അത് കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടതെന്ന് മാത്രം. ഇതെല്ലാം സർക്കാരിന്റെ കടമയായിട്ട് കാണേണ്ടതാണ്.

ഭൗതിക, ഗതാഗത, വാർത്താവിനിമയ, വിവരസാങ്കേതിക സംവിധാനങ്ങൾ അനുകൂലമാക്കുക, സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ വികസന നടപടികൾ സ്വീകരിക്കുക, ഭിന്നശേഷി സൗഹൃദപരമായി പൊതുകെട്ടിടങ്ങൾ നിർമിക്കുക തുടങ്ങിയവയും സർക്കാരിന്റെ ചുമതലയിൽപ്പെടുന്നു. ഇതൊക്കെ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നുണ്ട്. ബസിലും ട്രെയിനിലുമൊക്കെ കയറാനും ഇറങ്ങാനുമുള്ള സൗകര്യം ഇപ്പോഴുമില്ല. റോഡിൽത്തന്നെ ഭിന്നശേഷിക്കാർക്ക് നടക്കുവാനോ വീൽചെയർ ഉരുട്ടി പോകുവാനോ പ്രയാസമാണ്. റോഡു മുറിച്ചുകടക്കൽ അസാധ്യവുമാണ്. ഇതൊക്കെ നടപ്പിലാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. വഴി നടക്കാതെ, വണ്ടി കയറാതെ, ലോകം കാണാതെ ജനിച്ചിടത്ത് ജീവിച്ച് മരിക്കേണ്ടവരാണ് ഭിന്നശേഷിക്കാർ എന്നതാണ് ഇന്നത്തെ അലിഖിത നിയമം.

ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും കേന്ദ്രസർക്കാർ തലത്തിലും സംസ്ഥാന സർക്കാർ തലത്തിലും സമിതികൾ ഉണ്ട്. ഈ സമിതികൾ വഴി പരാതികളും പ്രശ്നങ്ങളും

പരിഹരിച്ചു വരുന്നു.ഭിന്നശേഷിക്കാർക്കായി നടപ്പാക്കിയിരിക്കുന്ന നിയമങ്ങൾ ലംഘിക്കുന്നവർക്ക് ശിക്ഷാ നടപടികളും ഉണ്ട്. വ്യവസ്ഥകൾ ലംഘിച്ചാൽ പതിനായിരം രൂപ മുതൽ 5 ലക്ഷം രൂപ വരെ പിഴ ചുമത്തുന്ന കുറ്റമാണ്. ഇവരുടെ ആനുകൂല്യങ്ങൾ തട്ടിയെടുത്തതായി കണ്ടാൽ രണ്ടുവർഷംവരെ തടവും ഒരു ലക്ഷം രൂപ പിഴയും ചുമത്താവുന്നതാണ്. പൊതുജന മധ്യത്തിൽ അവഹേളിക്കുക, ഭക്ഷണം നൽകാതിരിക്കുക സഹായ ഉപകരണങ്ങൾ നശിപ്പിക്കുക തുടങ്ങിയ കുറ്റങ്ങൾക്ക് ആറുമാസം മുതൽ അഞ്ചു വർഷം വരെ തടവ് ലഭിക്കുന്നു. ഭിന്നശേഷിക്കാർ അവഹേളനത്തിനും അപമാനത്തിനും പാത്രമാവുന്നുണ്ട്. അവരുടെ രൂപവും നടത്തവുമൊക്കെ പരിഹസിക്കാനുള്ള ഉപാധിയാക്കാറുമുണ്ട്. അവനവന്റെ ദുർവ്വിധിയിൽ തളർന്നു പോവാതെ മുന്നോട്ടു പോകാൻ ഒരു ഭിന്നശേഷിക്കാരന് തന്നോടും സമൂഹത്തോടും പൊരുതേണ്ടി വരുന്നുണ്ട്. സ്ത്രീ, വൃദ്ധർ, ദളിതർ തുടങ്ങിയ പാർശ്വവൽകൃതരായവരെ സംബോധന ചെയ്ത് സാഹിത്യം തഴച്ചുവളരുന്ന ഇക്കാലത്ത് ജീവിതത്തിന്റെ ഇരുളാണ്ട ഇടങ്ങളിൽ ഒറ്റപ്പെട്ടവരെ സംബോധന ചെയ്യാനോ എന്തിന് സഹായിക്കാൻ പോലും ആരുമുണ്ടാകുന്നില്ല.

ഭിന്നശേഷിക്കാർക്കായി വിവിധ ധനസഹായപദ്ധതികളുണ്ട്. അതുപോലെ 'സ്കോളർഷിപ്പ്' ചികിത്സാസഹായം തുടങ്ങിയുള്ള ധാരാളം പദ്ധതികൾ സർക്കാർ നിയമങ്ങളിൽ നിലവിലുണ്ട്. ഈ പദ്ധതികൾ ജനങ്ങളിലേക്ക് എത്തിച്ച് ആവശ്യക്കാർക്ക് സഹായം കൊടുക്കേണ്ടത് ഓരോ പൗരന്റെയും കടമയായി കണക്കാക്കേണ്ടതാണ്.

ഭിന്നശേഷി സൗഹൃദപരമായ ഒരു സമൂഹം സൃഷ്ടിക്കുകയാണ് ഏറ്റവും അത്യാവശ്യം. റോഡുകൾ, റയിൽവേ സ്റ്റേഷനുകൾ, ഗതാഗത മാർഗ്ഗങ്ങൾ എന്നിവ ഭിന്നശേഷിക്കാർക്ക് തീരെ അനുയോജ്യമായിരുന്നില്ല. എല്ലാവരേയും പോലെ ലോകം കാണാനും യാത്ര ചെയ്യാനുമുള്ള സ്വാതന്ത്ര്യം നിഷിദ്ധമായിരുന്നു അവർക്ക്. ഇരുളിൽ ഒറ്റയ്ക്ക് ജീവിതം തള്ളിനീക്കലായിരുന്നു. എന്നാൽ ഇന്ന് ഏറെ മാറിയിരിക്കുന്നു. ഈ അടുത്തകാലത്തായി ശ്രീ. ഗോപിനാഥ് മുതുകാട് ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളേയും കൊണ്ട് വിമാനത്തിൽ ഗൾഫിലേക്ക് യാത്ര പോയത് വലിയൊരു പരിവർത്തനമാണ്. ഭയവും ആശങ്കയും ഒക്കെയുള്ള പ്രത്യേക മാനസികാവസ്ഥയിലുള്ള കുട്ടികളെയും കൊണ്ട് പറക്കുക എന്നത് വലിയൊരു 'റിസ്കാ'ണെങ്കിലും വിജയകരമായി തിരിച്ചുവന്നത് സുപ്രധാനമായൊരു കാര്യമാണ്. സ്കൂളുകളിൽ പ്രത്യേക കലോത്സവങ്ങളും കായിക വിനോദങ്ങളും നടത്തി വരുന്നതും ശ്രദ്ധേയമാണ്.

സാമൂഹ്യമാധ്യമങ്ങളിലും ഭിന്നശേഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. എങ്കിലും ഇനിയും ഏറെ മാറാനുണ്ട് സമൂഹം.

ഭിന്നശേഷിക്കാർ എന്ന് 21 വിഭാഗത്തിൽപ്പെടുന്നവർ പല പല പ്രശ്ന ങ്ങളെ നേരിടുന്നവരാണ്. ഈ ഓരോ വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേകം പ്രത്യേകം പരിഗണനയും നിയമ സംരക്ഷണവും അത്യാവശ്യമാണ്. “കൊല്ലേണ്ടതെങ്ങനെ” എന്ന് ഒരമ്മയ്ക്കും ചോദിക്കാനിടവരരുത്. രോഗങ്ങളുടെ കാഠിന്യം അനുസരിച്ച് ഓരോ വ്യക്തിയേയും പരിഗണിക്കണം. അതിനായി ഒരു മെഡിക്കൽ വിഭാഗംതന്നെ അത്യന്താപേക്ഷിതമാണ്. കാരണം ഇന്ന് നാം കഴിക്കുന്ന ഭക്ഷണങ്ങളുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും റേഡിയേഷനുകളുടെയുമൊക്കെ ഫലമായി നിരവധി ഭിന്നശേഷിക്കാരായ കുട്ടികളുണ്ടാവുന്നുണ്ട്. അതുപോലെ എൻഡോസൾഫാൻ ദുരിതബാധിതരായ ജനങ്ങൾ ഇപ്പോഴും ഭിന്നശേഷിക്കാരായി പിറക്കുന്നു. എല്ലാവരേയും പരിഗണിച്ച് കൊണ്ടുള്ള ഒരു പുതുലോകമാണ് നമുക്കാവശ്യം.

ആരേയും കാണാതെ, പുറത്തിറങ്ങാതെ, ഒന്നും അറിയാതെ, ലോകത്തെ മനസ്സിലാക്കാതെ, ഒറ്റപ്പെട്ട് തങ്ങളുടെ വിധിയെ പഴിച്ച്, തന്റെ കുഞ്ഞിനെ മറ്റുള്ളവരെ കാണിക്കാതെ, പൊതു സമൂഹത്തിന്റെ മുന്നിൽ നിൽക്കാൻ മടിച്ച് അപകർഷതയോടെ കഴിഞ്ഞിരുന്ന ഒരു സമൂഹമായിരുന്നു ഇന്ന് പൊതുസമൂഹത്തിനു മുന്നിൽ കാലിടറാതെ നിൽക്കുന്നത്. മറ്റുള്ളവരോടൊപ്പമെത്താനായി കാത്തു നിൽക്കുന്നത്. അതിന് കാരണമായത് തീർച്ചയായും അവരെ പിൻതുണയ്ക്കുന്ന നിയമങ്ങളും പദ്ധതികളും അത് നടപ്പാക്കിയ സർക്കാരുമാണ്. അവരെ ചേർത്തു പിടിച്ചുകൊണ്ട് മുന്നോട്ടു പോകുമ്പോഴാണ് മാനവികതയുടെ സംസ്കാരം മഹത്തരമായി മാറുന്നത്.

ഭൂമിയിൽ ജനിച്ചു വീഴുന്ന ഓരോ കുഞ്ഞിനും അതിന്റേതായ അവകാശവും സ്വാതന്ത്ര്യവുമുണ്ട്. അതനുവദിച്ചു കൊടുക്കുക എന്നത് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും കടമയാണ്. വെളിച്ചം ചോദിച്ചു വാങ്ങലല്ല;കൊണ്ടുക്കൊടുക്കലാണ് ഭിന്നശേഷിക്കാർക്ക് വേണ്ടത്. നിറങ്ങളും ചമയങ്ങളും വെളിച്ചവും കാറ്റുമുള്ള തുറസ്സുകളിലേക്ക് അവരുടെ കാലുകളും മനസ്സും ചലിക്കട്ടെ. അതിനുള്ള കലവറകളാകട്ടെ എല്ലാ നിയമങ്ങളും നിയമപാലകരും.

### ആധാരം

RPWD Act 2016 - Central Government Order

RPWD ആക്റ്റ് - സാമൂഹ്യനീതി വകുപ്പ് - കൈപ്പുസ്തകം

## സഹായകഗ്രന്ഥങ്ങൾ

സുഗതകുമാരി - 'കൊല്ലേണ്ടതെങ്ങനെ' സുഗതകുമാരിയുടെ കവിതകൾ - ഡി.സി.ബുക്സ്, കോട്ടയം, 2011

സുസ്മിത ബാംഗ്ചി - ഈശ്വരൻ സ്നേഹിച്ച കുട്ടികൾ - ഡി.സി.ബുക്സ്, കോട്ടയം, 2012

മാലതി.കെ. ഹൊള്ള- അതുല്യം - വിവ.അനന്തകൃഷ്ണൻ.എം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012

*email: ganga40vishnu@gmail.com*